## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം  സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1355  03.12.2018 ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം ചെലവ് വെട്ടിച്ചുരുക്കി ആഡംബരരഹിതമായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, ആഘോഷങ്ങൾ ഒഴിവാക്കി പരമാവധി ചെലവ് ചുരുക്കി സ്കൂൾ കലോത്സവം 2018-19 നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. |
| ബി) ഈ വർഷം എത്ര ദിവസങ്ങളിലായിട്ടാണ് കലോത്സവം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) സംസ്ഥാന കലോത്സവം മൂന്ന് ദിവസവും, ജില്ലാ കലോത്സവം രണ്ട് ദിവസവും, സബ് ജില്ലാ കലോത്സവം ഒരു ദിവസവും ആയി നടത്തുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (സി) ചെലവ് ചുരുക്കി മേള നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) ചെലവ് ചുരുക്കുന്നതിന് സ്വീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-<br>• കലോത്സവങ്ങൾ പരമാവധി ചെലവ് ചുരുക്കിയും, കലോത്സവത്തിൽ ഗ്രേഡിന് അർഹരാകുന്ന 9, 10, പ്ലസ് 1, പ്ലസ് 2 വിദ്യാർത്ഥികൾക്ക് പൊതു പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തിയും നടത്തുന്നതാണ്.<br>• 'എ ഗ്രേഡ്' ലഭിക്കുന്ന കുട്ടികൾക്ക് നൽകിവരുന്ന 1000 രൂപയുടെ ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് ഒഴിവാക്കിയിട്ടുണ്ട്.<br>• സംസ്ഥാന കലോത്സവം മൂന്ന് ദിവസവും, ജില്ലാ കലോത്സവം രണ്ട് ദിവസവും, സബ് ജില്ലാ കലോത്സവം ഒരു ദിവസവുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.<br>• 7- ാം തരം വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ മത്സരങ്ങൾ ഈ വർഷം സ്കൂൾ |

| | |
|---|---|
| | തലത്തിൽ മാത്രം നടത്തുന്നതാണ്.<br>• സബ് കമ്മിറ്റികളുടെ എണ്ണം പരമാവധി ചുരുക്കിയിട്ടുണ്ട്.<br>• ഉദ്ഘാടന - സമാപന സമ്മേളനങ്ങൾ, സ്വർണ്ണ കപ്പ് ഘോഷയാത്ര, പ്രത്യേക സാംസ്കാരിക പരിപാടികൾ, ദൃശ്യവിസ്മയം തുടങ്ങിയവ ഒഴിവാക്കിയിട്ടുണ്ട്.<br>• കഥാരചന, കവിതാരചന തുടങ്ങിയുള്ള 51 ഇനം ഓഫ് സ്റ്റേജ് മത്സരങ്ങൾ ജില്ലാതലത്തിൽ ഏകീകൃത വിഷയത്തിൻമേൽ ഒരേ ദിവസം ഒരേ സമയത്ത് റവന്യൂ ജില്ലകളിൽ നടത്തി "എ" ഗ്രേഡോട് കൂടി ഏറ്റവും സ്കോർ നേടിയ സ്ക്രിപ്റ്റ്/രചനകൾ സംസ്ഥാനതലത്തിൽ എത്തിച്ച് സംസ്ഥാന തല വിധിനിർണ്ണയം നടത്തുന്നതാണ്.<br>• സംസ്ഥാനതല അപ്പീൽ കമ്മിറ്റി രൂപീകരിക്കുക. |
| (ഡി) "പ്രളയാനന്തരം ആലപ്പുഴയെ വീണ്ടെടുക്കാം" എന്ന ആശയം കൂടി ആലപ്പുഴയിൽ സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നുണ്ടോ: | (ഡി) പ്രളയം ബാധിച്ചതിലൂടെ ജനങ്ങൾക്കുണ്ടായ മാനസിക സംഘർഷം കുറയ്ക്കുവാൻ സ്കൂൾ കലോത്സവം സംഘടിപ്പിക്കുന്നതിലൂടെ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ